# അക്കാഡമിക് മാസ്റ്റർ പ്ലാൻ
# 2025- 2026

ഗവ. എൽ. പി. എസ്, അണ്ടൂർ

# ഗവ. എൽ. പി. എസ്. അണ്ടൂർ

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ വിദ്യാഭ്യാസജില്ലയിൽ ആറ്റിങ്ങൽ ഉപജില്ലയിലെ കിഴുവിലം ഗ്രാമ പഞ്ചായത്തിൽ അണ്ടൂർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ അംഗീകൃത വിദ്യാലയമാണ് ഗവ. എൽ. പി. എസ്. അണ്ടൂർ

## ചരിത്രം

അണ്ടൂർ ദേശത്ത് സ്ഥിതിചെയ്യുന്നഗവ. എൽ. പി. എസ്. അണ്ടൂർ സ്ഥാപിതമായിട്ട് 102 വർഷം പിന്നിടുന്നു. 1923-ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് 'ആശാൻ' സ്ഥാനപ്പേരു നൽകിയ ചിറയിൻകീഴിലെ പുരാതനമായ ആക്കോട്ടു കുടുംബത്തിലെ 'മാതു ആശാൻ 'എന്ന മാധവൻപിള്ളക്ക് കണ്ടകശ്ശനി ദോഷത്തിന് പരിഹാരമായി അദ്ദേഹത്തിന്റെ ഗുരു നിർദ്ദേശിച്ചത് വനവാസം. നിർദ്ദേശം സ്വീകരിച്ച ശിഷ്യൻ അണ്ടൂർദേശത്തു 40 ഏക്കർ വനഭൂമി വാങ്ങി കുടുംബസമ്മേതം താമസമാക്കി.1923-ൽ ശ്രീ. മാധവൻപിള്ള മൺകട്ട കൊണ്ട് സ്കൂൾകെട്ടിടം പണിയുകയും മാധവൻ പിള്ളയുടെ മകൻ ശ്രീ.കൊച്ചു ഗോവിന്ദപിള്ള ആദ്യ പ്രഥമദ്ധ്യാപകൻ ആവുകയും ചെയ്തു.ആദ്യത്തെ വിദ്യാർത്ഥി ശ്രീമതി പൊന്നമ്മ (പിന്നീട് ഇതേ സ്കൂളിൽ അദ്ധ്യാപികയായി ). മാതു ആശാൻ പഠനോപകരണങ്ങൾ വാങ്ങി കൊടുത്തും വീട്ടിൽ കഞ്ഞിയും പുഴക്കും ഉണ്ടാക്കി വിതരണം ചെയ്തും ഉടുക്കാൻ തോർത്ത് വാങ്ങി കൊടുത്തുമാണ് നിരവധി കുട്ടികളെ സ്കൂളിലെത്തിച്ചത്. ആദ്യകാലത്ത് അഞ്ചാം സ്റ്റാൻഡേർഡ് വരെ ഉണ്ടായിരുന്ന ഈ സ്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിനാൽ 1964-ൽ അഞ്ചാം സ്റ്റാൻഡേർഡ് നഷ്ടപ്പെട്ട് നാല് വരെയുള്ള ഒരു എൽ പി സ്കൂളായി മാറി.

## വിലാസം

അണ്ടൂർ

കുറക്കട പി.ഒ., 695104, തിരുവനന്തപുരം ജില്ല

സ്ഥാപിതം 1923

## വിവരങ്ങൾ

ഫോൺ 04791 2627026

ഇമെയിൽ andoorlps@gmail.com

## കോഡുകൾ

സ്കൂൾ കോഡ് 42303 (സമേതം)

യുഡൈസ് കോഡ് 32140100101

## വിദ്യാഭ്യാസ ഭരണസംവിധാനം

| | |
|---|---|
| റവന്യൂ ജില്ല | തിരുവനന്തപുരം |
| വിദ്യാഭ്യാസ ജില്ല | ആറ്റിങ്ങൽ |
| ഉപജില്ല | ആറ്റിങ്ങൽ |

## ഭരണസംവിധാനം

| | |
|---|---|
| ലോകസഭാമണ്ഡലം | ആറ്റിങ്ങൽ |
| നിയമസഭാമണ്ഡലം | ചിറയിൻകീഴ് |
| താലൂക്ക് | ചിറയൻകീഴ് |
| ബ്ലോക്ക് പഞ്ചായത്ത് | ചിറയിൻകീഴ് |
| തദ്ദേശസ്വയംഭരണസ്ഥാപനം | കിഴവിലം ഗ്രാമ പഞ്ചായത്ത് |
| വാർഡ് നം | 8 |
| സ്കൂൾ ഭരണ വിഭാഗം | സർക്കാർ |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | എൽ.പി |
| സ്കൂൾ തലം | 1 മുതൽ 4 വരെ |
| മാദ്ധ്യമം | മലയാളം, ഇംഗ്ലീഷ് |

## സ്ഥിതിവിവരക്കണക്ക്

ആൺകുട്ടികൾ

പെൺകുട്ടികൾ

ആകെ വിദ്യാർത്ഥികൾ

അദ്ധ്യാപകർ

## സ്കൂൾ നേതൃത്വം

പ്രധാന അദ്ധ്യാപിക

പി.ടി.എ. പ്രസിഡണ്ട്

## ഭൗതികസൗകര്യങ്ങൾ

അര ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. വിദ്യാലയത്തിനു ചുറ്റും മതിൽ നിർമ്മിച്ചിട്ടുണ്ട്. രണ്ട് ചെറുകെട്ടിടങ്ങളും ഒരു സി ആർ സി കെട്ടിടവുമാണ് നിലവിലുള്ളത്. ഇതിൽ നാല് ക്ലാസ്സുകൾ,കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, ഓഫീസ് എന്നിവയുണ്ട്. കൂടാതെ അടുക്കള, സ്റ്റോർ റൂം, പമ്പ് സെറ്റുള്ള കിണർ എന്നിവയും മതിയായ ടോയ്ലറ്റും വാഹന സൗകര്യവുമുണ്ട്.

## പാഠ്യേതര പ്രവർത്തനങ്ങൾ

- സയൻസ് ക്ലബ്ബ്
- ഐ.ടി. ക്ലബ്ബ്
- ഐ.ടി. ക്ലബ്ബ്
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ഗണിത ക്ലബ്ബ്.
- ഹെൽത്ത് ക്ലബ്ബ്.
- പരിസ്ഥിതി ക്ലബ്ബ്.

# അക്കാഡമിക മാസ്റ്റർ പ്ലാൻ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കേരള സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന അക്കാഡമികവും ഭൌതികവും സാമൂഹികവുമായ മികവിൽ നമ്മുടെ വിദ്യാലയം ലക്ഷ്യം വക്കുന്ന അക്കാഡമിക മികവ് താഴെ പറയുന്നു.

## അടിസ്ഥാനശേഷി വികസനം

### ലക്ഷ്യം: ഭാഷാപരമായ മികവ് (മലയാളം)

- 2025 ജൂണിൽ പ്രീ-ടെസ്റ്റ് നടത്തി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന 2 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികളെ തെരഞ്ഞെടുത്ത് പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കി പരിശീലനം.
- കുഞ്ഞുവായന പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ്സ്റൂം ലൈബ്രറി ശാക്തീകരണം,
- പുസ്തകശേഖരണത്തിനായുള്ള ഗൃഹ സന്ദർശനം
- അസംബ്ലിയിൽ പുസ്തക പരിചയം
- അമ്മ വായന
- കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തിയുള്ള മാഗസിൻ

### ലക്ഷ്യം: ഭാഷാപരമായ മികവ് (ഇംഗ്ലീഷ്)

ഒന്നുമുതൽ നാല് വരെ ക്ലാസ്സിൽ എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനായി

- പതിപ്പ്
- ശില്പശാല
- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്
- ഇംഗ്ലീഷ് അസംബ്ലി
- വർക്ക് ഷീറ്റുകൾ

## ഗണിത മികവ്

ലക്ഷ്യം: ഗണിതശേഷി വികസനം

- 2025 ജൂണിൽ പ്രീ-ടെസ്റ്റ് നടത്തുന്നു (3.4 ക്ലാസ്സുകളിൽ),
- ചതുഷ്ക്രിയകളിൽ പ്രയാസം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം

## പരിസരപഠനം.

ലക്ഷ്യം: ശാസ്ത്രാഭിരുചി വളർത്തൽ, പ്രകൃതി സൗഹൃദ മനോഭാവം

- ശാസ്ത്രപോഷണ പരിപാടി
- സ്കൂൾതല ശാസ്ത്രമേള
- പരീക്ഷണക്കളരി
- പ്രകൃതി നടത്തം
- പഠനയാത്ര
- ശാസ്ത്ര ക്ലബ്ബ്

## കായികം

ലക്ഷ്യം: ശാരീരികമാനസിക വികസനം

- കലാകായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾ
- അസംബ്ലിയിൽ മാസ്ഡ്രിൽ
- കായികമേളക്കുള്ള കളിയുപകരണങ്ങൾ
- ഏറോബിക്സ് പരിശീലനം.
- കരാട്ടെ പരിശീലനം,

## ഐ.സി.ടി

**ലക്ഷ്യം: ആധുനീക സാങ്കേതികവിദ്യ സ്വയംപര്യാപ്തത നേടൽ**

- എല്ലാ കുട്ടികൾക്കും കംപ്യൂട്ടർ പരിശീലനം.
- വിവിധ വിഷയവുമായി ബന്ധപ്പെട്ട് ഐ, സി, ടി പ്രദർശനം

## പ്രതിഭാപോഷണം

**ലക്ഷ്യം: എൽ എസ് എസ് പരിശീലനം**

- വർഷാരംഭം മുതൽ നാലാം തരത്തിലെ മികച്ച കുട്ടികൾക്ക് പ്രത്യേക പരിശീലന ക്ലാസ്സ്,
- മാതൃകാ പരീക്ഷകൾ,
- വർക്ക് ഷീറ്റുകൾ

## ബാലസഭ

**ലക്ഷ്യം: സർഗ്ഗശേഷി വികസനം**

- കലാപഠനത്തിന്റെ ഭാഗമായി എല്ലാ വെള്ളിയാഴ്ചയും ബാലസഭ
- സ്കൂൾകലോത്സവത്തിനായി പ്രത്യേക പരിശീലനം
- സ്കൂൾ വാർഷികത്തിനായുള്ള തയ്യാറെടുപ്പ്
- അഭിനയക്കളരി.

# പൊതു ലക്ഷ്യങ്ങൾ

1. പാഠ്യപദ്ധതി അനുസരിച്ച് ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട പഠന നേട്ടങ്ങൾ പൂർണ്ണമായും അവർക്ക് ലഭ്യമാക്കുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും വായിക്കാനും ഈ ഭാഷകളിൽ സർഗ്ഗസൃഷ്ടികൾ നടത്താനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. കുട്ടികളുടെ സർഗ്ഗപരവും ഭൗതികവും കായികവുമായ കഴിവുകൾക്ക് പ്രോത്സാഹനം നല്കാൻ അവസരമൊരുക്കി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
4. വിവിധ മത്സരപരീക്ഷകളിൽ പ്രത്യേകിച്ചും എൽ എസ് എസ്) ഏറ്റവും കൂടുതൽ കുട്ടികൾക്ക് വിജയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
5. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പൊതുധാരയിൽ കൊണ്ടുവരാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

**<u>പൊതു വിജ്ഞാനം</u>**

**<u>ലക്ഷ്യം : മത്സരപരീക്ഷയ്ക്ക് തയ്യാറാക്കൽ</u>**

അസംബ്ലിയിൽ വാർത്താവതരണം, പ്രതിവാര ക്വിസ് മത്സരം, ഉത്തരപ്പെട്ടി, ന്യൂസ് ബോർഡ്, ദിനാചരണങ്ങളുടെ ഭാഗമായി എല്ലാ ക്ലാസ്സുകളിലും ക്വിസ് മത്സരം.

**<u>പ്രവൃത്തി പരിചയം</u>**

***<u>ലക്ഷ്യം :</u> സർഗ്ഗശേഷി വികസനം***

വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശീലന ക്യാമ്പ്.

**<u>പ്രത്യേക പരിഗണന അർഹിക്കുന്നവർ</u>**

***<u>ലക്ഷ്യം :</u> ഉൾച്ചേർക്കൽ വിദ്യാഭ്യാസം***

ഭിന്നശേഷിക്കാരായുള്ള വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ, വർക്ക് ഷീറ്റുകൾ, വൈദ്യപരിശോധന, ആവശ്യമായ ഉപകരണങ്ങൾ.

**<u>ജൈവോദ്യാനം, പച്ചക്കറി കൃഷി</u>**

***<u>ലക്ഷ്യം :</u> പ്രകൃതി ഒരു പാഠപുസ്തകം***

ജൈവ വൈവിധ്യ ഉദ്യാനം വികസനവും പരിപാലനവും, കൃഷിയിൽ കുട്ടികളുടെ പങ്കാളിത്തം.

**<u>ദിനാചരണങ്ങൾ</u>**

***<u>ലക്ഷ്യം :</u> സാമൂഹ്യബോധം വളർത്തൽ***

ആഘോഷങ്ങൾ, മഹാന്മാരുടെ ജന്മദിനങ്ങൾ, ചരിത്ര സംഭവങ്ങൾ, ശാസ്ത്ര ദിനങ്ങൾ എന്നിവയോടനുബന്ധിച്ച് ക്വിസ് മത്സരം, റാലി, കുട്ടികളുടെ കലാപരിപാടികൾ, സ്കിറ്റ്, വിദഗ്ദ്ധരുടെ ക്ലാസ്സുകൾ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

## സാമൂഹിക പങ്കാളിത്തം

***ലക്ഷ്യം :*** ***പൊതുസമൂഹത്തിന്റെ സഹകരണത്തോടെയുള്ള വികസനം.***

അധ്യാപനം, കലാപഠനം, പ്രവർത്തി പരിചയം, കായികം, ശാസ്ത്രം, കൃഷി തുടങ്ങി എല്ലാ മേഖലകളിലും സ്കൂളിൽ എത്തി സഹായിക്കാൻ സന്നദ്ധതയുള്ള രക്ഷിതാക്കളുടെയും നാട്ടുകാരുടെയും ഡയരക്ടറി (പേര്,ഫോൺ നമ്പർ) സേവനം ഉറപ്പ് വരുത്തൽ.വിഭവ ഡയരക്ടറി (SSG) നിർമ്മാണം

## ഭാഷ

## മലയാളം

### പ്രവർത്തനങ്ങൾ (I,II Std)

1.**വായനാ സാമഗ്രി നിർമ്മാണം –** കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ കുട്ടിക്കവിതകൾ, കഥകൾ, വായനാ കാർഡുകൾ, പദച്ചാർട്ട്, വാക്യങ്ങളെഴുതിയ ചാർട്ട്.

2.**അക്ഷരക്കിറ്റ് –** ഓരോ കുട്ടിക്കും അക്ഷരങ്ങൾ, ചിഹ്നങ്ങൾ എഴുതിയ കാർഡ്- ചിത്രം, പേര് ഇവ ഉൾപ്പെടെ.

3.**പഠനോപകരണ നിർമ്മാണം –** മാച്ചിംഗ് കാർഡുകൾ, വാക്യ കാർഡുകൾ, വർക്ക് ഷീറ്റുകൾ, ആശംസാ കാർഡ്.

4.**കടങ്കഥാ പുസ്തകം –** കടങ്കഥ, ഉത്തരം, ചിത്രമുൾപ്പെടെ .

5.**അക്ഷര മരം –** അക്ഷരം ചിഹ്നങ്ങൾ എഴുതിയ മരം ക്ലാസ്സിൽ.

6. **കഥ എഴുതാം, കവിത എഴുതാം –** കഥാചിത്രങ്ങൾ, വാക്യ കാർഡുകൾ ഉൾപ്പെടുത്തിയ കിറ്റ്- ഇടയിൽ വിട്ട കഥ പൂരിപ്പിക്കൽ, കവിത പൂരിപ്പിക്കൽ.

7. **എന്റെ കഥാ പുസ്തകം –** കഥാചിത്രങ്ങളൊട്ടിക്കൽ, അനുയോജ്യമായ കഥാഭാഗമെഴുതിയ പുസ്തകങ്ങൾ.

8. **ക്ലാസ്സ് ലൈബ്രറി –** കുട്ടികൾക്കനുയോജ്യമായ പുസ്തകങ്ങളുൾപ്പെടുത്തിയ ലൈബ്രറി ( കഥ, പാട്ട് (ICT,-CD) ) ഉൾപ്പെടെ.

9. **പതിപ്പുകൾ -** യൂണിറ്റിലെ ഓരോ തീമുമായി ബന്ധപ്പെടുത്തിയ സൃഷ്ടികൾ.

10. **ഇൻലന്റ് മാഗസിൻ -** കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ ഉൾപ്പെടുത്തിയവ.

11. **ബിഗ് ബുക്ക് -** വളരുന്ന പുസ്തകം, ചിത്ര പുസ്തകം, നാടൻ പാട്ട് ശേഖരണം.

**പ്രവർത്തനങ്ങൾ (III,IV)**

1. രചനാക്ലാസ്സുകൾ - കഥ, കവിത, സ്കിറ്റ് എഴുതൽ, അവതരണം.
2. അക്ഷരപ്പാട്ട് ശേഖരിക്കൽ, സ്വയം എഴുതൽ
3. കവി പരിചയം/എഴുത്തുകാരെ പരിചയപ്പെടൽ, കവിതയ്ക്ക് യോജിച്ച ചിത്രം വരയ്ക്കൽ
4. കവിതാ പരിചയം- ICT പ്രശസ്തമായ കവിതകൾ കേൾപ്പിക്കൽ.
5. പുസ്തകപരിചയം- പ്രശസ്തമായ പുസ്തകങ്ങൾ കാണാനും, വായിക്കാനും, അറിയാനും (ഒരുമാസം മൂന്നെണ്ണമെങ്കിലും) അസംബ്ലിയിൽ കുട്ടി/അദ്ധ്യാപിക.
6. പതിപ്പുകൾ - യൂണിറ്റിലെ ഓരോ തീമുമായി ബന്ധപ്പെടുത്തിയ കുട്ടികളുടെ സൃഷ്ടികൾ.
7. യാത്രാനുഭവങ്ങൾ- പതിപ്പ്
8. ദിനാചരണം – അസംബ്ലിയിൽ പ്രസംഗം
9. വിഷയം നല്കി കഥ, കവിത രചിക്കൽ
10. സാഹിത്യ ക്വിസ്- ഓരോ മാസവും
11. സർഗ്ഗ സൃഷ്ടികൾ ഉൾപ്പെടുത്തി ഇൻലന്റ് മാഗസിൻ

12. വായനാമൂല/ ക്ലാസ്സ് ലൈബ്രറി വികസനം- സ്പോൺസർ, പിറന്നാൾ സമ്മാനം- ആനുകാലികങ്ങൾ ഉറപ്പുവരുത്തൽ

13. പത്രവായന (ഉത്തരപ്പെട്ടി, ആനുകാലികം) നല്ല വായന, (ഒഴുക്ക്,ഭാവം) മികച്ച വായനക്ക് സമ്മാനം- അസംബ്ലി

14. ബാലസഭ –സർഗ്ഗശേഷി പ്രകടനം

## ഇംഗ്ലീഷ്

### പ്രവർത്തനങ്ങൾ (I,II)

1. മാച്ചിംഗ് കാർഡ് നിർമ്മാണം

2. WORD GAME – WORD WEB

3. ഭാഷാ കേളികൾ- FLOWERS, VEGETABLES, ANIMALS, BIRDS,VEHICLES

4. READING MATERIALS – പാഠഭാഗവുമായി ബന്ധപ്പെട്ടവ. SENTENCE CARD, WORD CARD

5. CLASS LIBRARY

6. EASY ENGLISH പക്ഷികൾ, മൃഗങ്ങൾ etc. ചിത്രം, പേര് ഉൾപ്പെടുത്തിയ പുസ്തകം, Wall Chart- മികച്ച സൃഷ്ടികളുടെ പ്രദർശനം- English Corner.

7. ഇംഗ്ലീഷ് അസംബ്ലി

8. ഇൻലന്റ്മാഗസിൻ

III-IV

1. COLLECTIONS- RHYMES & STORIES

2. ENGLISH NEWS PAPER READING-ASSEMBLY.

3. ENGLISH ASSEMBLY

4. SPOKEN ENGLISH CLASS-ONCE IN A WEEK

5. ENGLISH QUIZ-ONCE IN A MONTH (G.K)

6. ENGLISH FEST-ഓരോ ടേമിലും 5 പ്രവർത്തനങ്ങൾ -മൊഡ്യൂൾ അനുസരിച്ച് ഉല്പന്നങ്ങളുടെ പ്രദർശനം

7. ENGLISH MAGAZINE – കുട്ടികളുടെ സൃഷ്ടികൾഉൾപ്പെടുത്തിയവ.

8. ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ, TCT – CD കൾ

## പരിസര പഠനം I & II

പ്രവർത്തനങ്ങൾ

1. പ്രകൃതി നടത്തം - ചുറ്റുപാടുമുള്ള വസ്തുക്കളെക്കുറിച്ച് സംസാരിക്കൽ-നിരീക്ഷിക്കൽ(പൂക്കൾ,ചെടികൾ,മരങ്ങൾ)

2. വീട് നിർമ്മാണം - വിവിധ വീടുകൾ സന്ദർശനം
   നിരീക്ഷണം - നിരീക്ഷണം,കാർഡ്ബോർഡ്, കടലാസ് തുടങ്ങിയവ ഉപയോഗിച്ചുള്ള വീട് നിർമ്മാണം

3. പച്ചക്കറി വിശേഷം- തരംതിരിക്കൽ, പച്ചക്കറിത്തോട്ട സന്ദർശനം, പച്ചക്കറിചന്ത കാണൽ, കടയിൽപ്പോയി സാധനങ്ങളുടെ വില അന്വേഷിക്കൽ, കാണൽ.വിവിധ കൃഷികൾ, കൃഷിയുപകരണങ്ങൾ പരിചയപ്പെടൽ.

4. തൊട്ടറിയാം,മണത്തറിയാം- പഞ്ചേന്ദ്രിയ വികസനം(പച്ചക്കറികൾ, പഴങ്ങൾ )

ജീവികളെ പരിചയപ്പെടൽ - ചുറ്റുപാടുമുള്ളവ നേരിട്ടു കാണൽ, ചിത്രത്തിലൂടെ പരിചയപ്പെടൽ,ICT (മൃഗങ്ങളുടെ ശബ്ദങ്ങൾ -കേൾക്കൽ-അനുകരിക്കൽ) വന്യജീവി സംരക്ഷണം, കാട് സംരക്ഷണം, ബോധവല്ക്കരണം.

ശുചിത്വ ശീലങ്ങൾ - വ്യക്തി ശുചിത്വം,നല്ല ആരോഗ്യ ശീലങ്ങൾ

| | |
|---|---|
| | (വൃത്തി നമ്മുടെ ശക്തി) നല്ല ആഹാര ശീലങ്ങൾ പരിസരശുചിത്വം- വീട്, സ്കൂൾ,പരിസര ശുചീകരണം, കുട്ടികളുടെ പങ്കാളിത്തം. |
| അറിയാം നമ്മുടെ ജലസ്രോതസ്സുകൾ - | കിണർ,കുളം,തോട് സന്ദർശനം - ജലസംരക്ഷണം-ബക്കറ്റിലെ വെള്ളം കപ്പുപയോഗിച്ച് കൈ,പാത്രം ഇവ കഴുകൽ, ബാക്കി ജലം ചെടി നനക്കുന്നതിനും ,ജലപ്രാധാന്യ |
| പോസ്റ്റർ | |
| | ജലസംരക്ഷണം-ബോധവൽക്കരണം, ജലമലിനീകരണം- മലിനീകരണം മൂലം രോഗങ്ങൾ-മലിനീകരണം തടയുന്ന പോസ്റ്ററുകൾ. |
| ശ്രദ്ധിക്കാം,അപകടം - കുറക്കാം | റോഡ് നിയമങ്ങൾ - നേരിട്ട്കണ്ട് മനസ്സിലാക്കൽ, റോഡ് യാത്ര –കളിവണ്ടികൾ- സിഗ്നൽ ഉപയോഗിച്ച് ട്രാഫിക് പോലീസ്, ലൈറ്റുകൾ- Role Play . |
| പരീക്ഷിക്കാം അറിയാം | -വിവിധ വസ്തുക്കൾ ജലത്തിൽ മുങ്ങുന്നതും പൊങ്ങുന്നതും,അലിയുന്നതും അലിയാത്തതും |

## III,IV

| | | |
|---|---|---|
| പരിസരനടത്തം | : | ജലസ്രോതസ്സുകൾ സന്ദർശനം- ജീവികളെ തരംതിരിക്കൽ, |
| ആവാസ വ്യവസ്ഥ | : | പോസ്റ്ററുകൾ,സംരക്ഷണത്തിന്റെ ആവശ്യകത, ജൈവ പാർക്ക്- പരിപാലനം,കുട്ടികളുടെ പങ്കാളിത്തം. |
| <u>പരിസര ശുചിത്വം</u> | : | ഗൃഹസന്ദർശനം,മലിനീകരണംനേരിട്ട് മനസ്സിലാക്കൽ,വ്യക്തിശുചിത്വം,പരിസരശുചിത്വം പ്ലക്കാഡുകൾ(ജലസംരക്ഷണം) ജൈവ അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കാൻ വെവ്വേറെ കുഴികൾ |

കൃഷി/ഔഷധ സസ്യങ്ങൾ: സ്കൂൾ പരിസരത്തെ ചെടികൾക്കും മരങ്ങൾക്കുംനെയിംബോർഡ് സ്ഥാപിക്കൽ ,ഇല തിരിച്ചറിയൽ മത്സരം, നാട്ടുവൈദ്യനുമായി അഭിമുഖം, ഔഷധസസ്യ ശേഖരണം/ തോട്ട നി ർ മ്മാണം, നെൽകൃഷി-ഫീൽഡ് ട്രിപ്പ്-വയൽ സന്ദർശനം-
നിശ്ചിതസ്ഥലത്ത് നെൽകൃഷി ഒരുക്കൽ-
- വളർച്ചാഘട്ടം നിരീക്ഷണം, കുറിപ്പ്തയ്യാറാക്കൽ.

സ്വാതന്ത്ര്യത്തിലേക്ക് : ചരിത്ര സ്മാരകങ്ങൾ സന്ദർശനം,സ്വാതന്ത്ര്യ സമര സേനാനികളുമായി അഭിമുഖം.

ജീവികൾ സവിശേഷതകൾ: പക്ഷിക്കൂട് നിരീക്ഷണം,പക്ഷിക്കൂടുകൾ പ്രദർശനം

അനുകൂലനങ്ങൾ വിദഗ്ദ്ധരുടെ ക്ലാസ്സ്-കടലാസ്സ്/കരുത്തോല മീൻ, പക്ഷിനിർമ്മാണം, തൂവൽ ശേഖരണം.

കലകളെ അടുത്തറിയാം :നാടൻ കലകൾ/ശാസ്ത്രീയ കലകൾപട്ടികപ്പെടുത്തൽ.

നാടൻ കളികൾ പരിശീലനം, നാടൻ പാട്ടുകൾ ശേഖരണം ,കളിയുപകരണ– ശില്പശാല.

ഓണക്കളികൾ - ചിത്രശില്പ പ്രദർശനം-കേരളീയകലാരൂപങ്ങൾ പതിപ്പ്.

വാനനിരീക്ഷണം : ചന്ദ്രക്കല നിരീക്ഷണം,സൂര്യൻ,ഭൂമി,ചന്ദ്രൻ എന്നിവയുടെ രൂപങ്ങൾ അടങ്ങിയ പ്രവർത്തന മാതൃക.

സൗരയൂഥം : മാതൃക-ബോളുകളുപയോഗിച്ച് നിർമ്മാണം, ഭ്രമണം, പരിക്രമണം,Role play,ചാന്ദ്രയാത്ര ICT.

ശാസ്ത്ര കൗതുകം: ലഘുപരീക്ഷണം,പരീക്ഷണക്കളരി- വിദഗ്ദ്ധരുടെ നേതൃത്വത്തിൽ- ഏകദിന ശില്പശാല,വായു/ജലം ഇവ ഉപയോഗിച്ചുള്ളവ.

ഭൂപട നിർമ്മാണം: വിവിധ വസ്തുക്കൾ (മണൽ,ധാന്യങ്ങൾ) ഉപയോഗിച്ച് നിർമ്മാണം.

പ്രഥമശുശ്രൂഷ :FAB സജ്ജീകരണം,പ്രഥമ ശുശ്രൂഷ കുറിപ്പുകൾ,ബോധവൽക്കരണ ക്ലാസ്സ്.

നാടിനെ അറിയാൻ: ഭരണ സംവിധാനം മനസ്സിലാക്കാൻ പഞ്ചായത്ത് ഓഫീസ് സന്ദർശനം.

## ഗണിതം I ,II

ഗണിക കിറ്റ് - ഓരോ കുട്ടിക്കും സംഖ്യാകാർഡുകൾ, സംഖ്യാ വ്യാഖ്യാനം,എണ്ണാനുള്ളവ - ശേഖരണം.

ഗണിതശേഖരണം - ഗണിതമൂലയിലേക്ക്-അബാക്കസ്, ചിത്ര പാറ്റേൺ,സംഖ്യാ പാറ്റേൺ,എണ്ണുവാനുപയോഗിക്കുന്ന വിവിധ വസ്തുക്കൾ, (സംഖ്യാബോധം വളർത്താനുപയോഗിക്കുന്നവ) നാണയങ്ങൾ,കലണ്ടർ

ഗണിതകേളി - കുളം/കര., ഒറ്റ,ഇരട്ട/ ഠോ കളി,ഏണിയും പാമ്പും

ഓരോ ദിവസവും ഏതെങ്കിലും ഒന്ന്.

ഗണിതപ്പാട്ടുകൾ ശേഖരണംയൂണിറ്റ് അനുസരിച്ച്.

രൂപങ്ങൾ നിർമ്മിക്കാം - കടലാസ്, കാർഡ്, ഈർക്കിൽ, ഇവ ഉപയോഗിച്ചുള്ളവ.

## III,IV

1.മനക്കണക്ക്/കുസൃതിക്കണക്ക് - എല്ലാ ദിവസവും

2.ഗണിതകേളി - ഡൈസ് കളി, പസിലുകൾ,ഈർക്കിൽ കളി,കച്ചവട കളി-ആഴ്ചയിലൊരിക്കൽ

3.പഠനോപകരണ നിർമ്മാണം.- (ഗണിത ക്യാമ്പ്) തൂക്കക്കട്ടി നിർമ്മാണം,അളവു പാത്ര നിർമ്മാണം,(waste material), മീറ്റർ സ്കെയിൽ (റിബൺ,മരം)

ജ്യാമിതീയ രൂപങ്ങൾ - ഈർക്കിൽ,കമ്പുകൾ,കാർഡ്ബോർഡ് ഉപയോഗിച്ചുള്ള ത്രിമാനരൂപങ്ങൾ,ക്ലോക്ക്

| | | |
|---|---|---|
| | | നിർമ്മാണം,സ്ഥാനവില പോക്കറ്റ്നിർമ്മാണം കലണ്ടർ നിർമ്മാണം. |
| 4.ഗണിതോത്സവം | - | ഓരോ ടേമിലും –മോഡ്യൂൾ അനുസരിച്ച് |

# പ്രവർത്തന കലണ്ടർ

| പ്രവർത്തനങ്ങൾ | കാലം / മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഗൃഹസന്ദർശനം- കുട്ടിയെ അറിയുക | ഏപ്രിൽ | എസ് എം സി, എസ് എസ് ജി, അധ്യാപകർ | |
| SRG യോഗം, ദിനാചരണക്കലണ്ടർ, പഠനോപകരണ നിർമ്മാണ ക്യാമ്പ്, SSG രൂപീകരണം, വിഭവ ഡയരക്ടറി നിർമ്മാണം | മെയ് | SMC അധ്യാപകർ രക്ഷിതാക്കള് | 5000 |
| പ്രവേശനോത്സവം, പ്രീടെസ്റ്റ്- പരിഹാര ബോധനം, ക്ലബ്ബുകളുടെ രൂപീകരണം, SMC യോഗം, | ജൂണ് | SMC അധ്യാപകർ രക്ഷിതാക്കള് | 2000<br>1000 |
| ക്ലാസ് ലൈബ്രറി ഒരുക്കൽ, വായനാവാരാചരണം, കഥാ-കവിതാ-ചിത്ര ശില്പശാല, ജൈവവൈവിധ്യോ ദ്യാനം | | അധ്യാപകർ, രക്ഷിതാക്കള്<br>SSG | 1000<br>2000 |
| ബാലസഭാപ്രവർത്ത നോദ്ഘാടനം | ജൂലായ് | അധ്യാപകർ | |
| പച്ചക്കറി ഔഷധത്തോട്ടനിർ മ്മാണം | | പി. ടി. എ, എം. പി. ടി. എ, കൃഷിവകുപ്പ് | 2000 |
| LSS പരിശീലന പരിപാടിയുടെ തുടക്കം | | അധ്യാപകർ | |
| ക്ലാസ് പി. ടി.എ | | അധ്യാപകർ | |
| ഇംഗ്ലീഷ് അസംബ്ലി | | അധ്യാപകർ | |
| SWEET ENGLISH PROGRAMME | | SSG | 2000 |
| കലാ-കായിക-ശാസ്ത്ര- പ്രവൃത്തി പരിചയമേളകള്ക്കു ള്ള പരിശീലനം | | SSG, അധ്യാപകർ | 3000 |
| ദിനാചരണങ്ങൾ | ആഗസ്റ്റ് | | |
| സർഗോത്സവം | | അധ്യാപകർ | 2000 |
| | | | |
| | | | |
| | | | |

| | | | |
|---|---|---|---|
| | | | |
| ഓണാഘോഷം | | രക്ഷിതാക്കൾ | |
| പതിപ്പ് നിർമ്മാണം, പ്രകാശനം | | അധ്യാപകർ | |
| കമ്പ്യൂട്ടർ പരിശീലനം | | SSG / റിസോഴ്സ് പേഴ്സണ് | 1000 |
| ക്ലാസ് പി. ടി. എ | | അധ്യാപകർ | |
| ആരോഗ്യ ബോധവൽക്കരണ ക്ലാസ് | | ആരോഗ്യ വകുപ്പ് | |
| ഇൻലന്റ് മാഗസിൻ | | അധ്യാപകർ | 2000 |
| അടിസ്ഥാനശേഷി പരിശോധന | സെപ്റ്റംബർ | | |
| പരിഹാരബോധനം | | | |
| ഫീൽഡ്ട്രിപ്പ് | | SMC, SRG | 1000 |
| മാസ്ഡ്രിൽ | | അധ്യാപകർ | |
| ദിനാചരണപ്രവർത്തനങ്ങള് | | | |
| ഒറിഗാമി-പ്രവൃത്തിപരിചയ ശില്പശാല | | SSG / റിസോഴ്സ് പേഴ്സണ് | 3000 |
| രക്ഷാകർത്തൃബോധവൽക്കരണ ക്ലാസ് | | അധ്യാപകർ | |
| അഭിനയക്കളരി - സ്കിറ്റ്, നാടക പരിശീലനം | ഒക്ടോബർ | SSG | 2000 |
| ദിനാചരണം- ഗാന്ധി ജയന്തി | | അധ്യാപകർ | |
| പ്രശ്നോത്തരി | | | |
| ഏറോബിക്സ് പരിശീലനം | നവംബർ | അധ്യാപകർ | |
| LSS മാതൃകാ പരീക്ഷ | | അധ്യാപകർ | |
| ക്ലാസ് ലൈബ്രറി വിപുലീകരണം | | അധ്യാപകർ | 1000 |
| ഒന്നാംക്ലാസ് ഒന്നാന്തരം- ശില്പശാല | | SSG/ റിസോഴ്സ് പേഴ്സണ് | 2000 |
| സഹവാസക്യാമ്പ് | ഡിസംബർ | SSG/ റിസോഴ്സ് പേഴ്സണ് | 5000 |
| വാനനിരീക്ഷണം | | SSG/ റിസോഴ്സ് പേഴ്സണ് | 2000 |
| ഗണിതം മധുരം ക്യാമ്പ് | | SSG/ റിസോഴ്സ് പേഴ്സണ് | 2000 |
| ക്രിസ്തുമസ് ആഘോഷം | | അധ്യാപകർ | |

| | | | |
|---|---|---|---|
| അടിസ്ഥാനശേഷി പരിശോധന | | | |
| പരിഹാരബോധനം | | | |
| പുതുവത്സരാഘോഷം | ജനുവരി | SMC, SRG | 1000 |
| ഇംഗ്ലീഷ് ഫെസ്റ്റ് | | SSG/ റിസോഴ്സ് പേഴ്സണ് | 2000 |
| സ്കൂള് മാഗസിൻ | | അധ്യാപകർ | 500 |
| പൂർവ്വ വിദ്യാർത്ഥി സംഗമം | | പി. ടി. എ | |
| LSS തീവ്ര പരിശീലനം | | അധ്യാപകർ | |
| പച്ചക്കറി-വിളവെടുപ്പുത്സവം | ഫെബ്രുവരി | അധ്യാപകർ, രക്ഷിതാക്കള് | |
| ശാസ്ത്ര പരീക്ഷണക്കളരി | | SSG/ റിസോഴ്സ് പേഴ്സണ് | 2000 |
| കുട്ടികളുടെ പത്രം | മാർച്ച് | അധ്യാപകർ | 1000 |
| വാർഷികാഘോഷം | | പി. ടി. എ, എം. പി. ടി. എ | 30000 |
| വാർഷികമികവ് CD പ്രകാശനം | | അധ്യാപകർ | 250 |

## ഉപസംഹാരം

വിദ്യാലയ മികവ് എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് അക്കാദമിക മികവ് തന്നെയാണ്. കുട്ടി നേടേണ്ട പഠന നേട്ടങ്ങളോടൊപ്പം സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സർക്കാരിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ നമുക്കിത് പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കുകയുള്ളു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള മാർഗ്ഗരേഖ പൊതുസമൂഹത്തിന് മുമ്പിൽ സമർപ്പിക്കുന്നു.